15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2913 — 03-08-2021 - ൽ മറുപടിയ്ക്ക്

കെ.എസ്.ആർ.ടി.സി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ക്ക് സമാന്തരമായി കെ-സ്വിഫ്റ്റ് എന്ന സ്വകാര്യ കമ്പനി രൂപീകരിക്കാനുള്ള മാനേജ്മെന്റ് നീക്കം കെ.എസ്.ആർ.ടി.സി. യുടെ സ്വകാര്യവൽക്കരണത്തിനുള്ള ശ്രമമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വസ്തുതകൾ വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി-ക്കു സമാന്തരമായി സ്വകാര്യ കമ്പനി രൂപീകരിക്കാൻ തീരുമാനി ച്ചിട്ടില്ല. എന്നാൽ 19.02.2021 തീയതിയിലെ സർക്കാർ ഉത്തരവ് G.O.(MS) No. 7/2021/TRANS പ്രകാരം കെ.എസ്.ആർ. ടി.സി. - സ്വിഫ്റ്റ് എന്ന കമ്പനി രൂപീകരി ക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി - സ്വിഫ്റ്റ് നൂറു ശതമാനം സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കമ്പനി ആണ്. ആധുനിക സംവിധാനങ്ങളോടുകൂടി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാ സൗകര്യം നൽകി അധിക വരുമാനം കണ്ടെത്തി കെ.എസ്.ആർ.ടി.സി.യുടെ നില മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി യാണ് KSRTC-SWIFT എന്ന കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ടി കമ്പനിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് KSRTC തൊഴിലാളികളുടെ ചില ആശങ്ക കൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ആശങ്ക കൾ പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചകൾ പുരോഗമിക്കുകയാണ്. KSRTC - SWIFT കമ്പനിയുടെ പ്രത്യേകതകൾ. (എ) KSRTC-യിൽ നിന്നും നിയമപരമായി വേർപ്പെട്ടതും സ്വതന്ത്രവുമായിരിക്കും. (ബി) കമ്പനി നിയമപരമായി സ്വതന്ത്രമായി രിക്കുമ്പോൾ തന്നെ KSRTC-യുടെ എല്ലാ വിധത്തിലുള്ള ഇൻഫ്രാസ്ട്രച്ചറുകളും ബസുകളും ഉപയോഗപ്പെടുത്തി മാത്രമേ പ്രസ്തുത കമ്പനിക്ക് മുന്നോട്ടു പോകാനാകൂ. (സി) SWIFT-ന്റെ വരുമാനത്തിൽ നിന്നും KSRTC-യുടെ ജീവനക്കാർക്ക് വേണ്ടുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനും, KSRTC-യുടെ ലോണുകൾ / |

| | | | |
|---|---|---|---|
| | | | കടങ്ങൾ തിരിച്ചടയ്ക്കുന്ന തിനും നിയമപരമായ ബാധ്യത പുതിയ സംവിധാനത്തിൽ ഉണ്ടായിരിക്കണം. (ഡി) കെ.എസ്.ആർ.ടി.സി.യുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ തന്നെ ആയിരിയ്ക്കും KSRTC - SWIFT-ന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും. (ഇ) KIIFB-യുടെ loan ഉപയോഗിച്ച് ബസുകൾ വാങ്ങുവാൻ വേണ്ടി ഒരു Special Purpose Vehicle (SPV) form ചെയ്യേണ്ട ഉണ്ട് അതാണ് KSRTC - SWIFT. (എഫ്) 10 വർഷം കഴിയുമ്പോൾ KSRTC - SWIFT പൂർണ്ണമായും കെ.എസ്.ആർ.ടി.സി. യിൽ ലയിപ്പിയ്ക്കും. |
| (ബി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 2021 ജൂൺ മാസം മുതൽ പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ബഹു. ഗതാഗത മന്ത്രി 21.06.2021-ൽ ചർച്ച നടത്തിയിരുന്നു. ശമ്പള പരിഷ്കരണം വൈകുന്ന സാഹചര്യത്തിൽ 2020 ഡിസംബർ മാസം (2020 നവംബറി ലെ ശമ്പളം) മുതൽ ഇടക്കാലാശ്വാസമായി 1,500/- രൂപ എല്ലാ ജീവനക്കാർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻകാർക്ക് 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500/- രൂപ വീതം ഇടക്കാലാശ്വാസമായി നൽകിവരുന്നു. കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിൽ എത്തി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ അംഗീകാരത്തോടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ